**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2734** **14-09-2023 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി -ആന്വിറ്റി മോഡൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി നടപ്പിലാക്കിയ പദ്ധതി ആന്വിറ്റി മോഡലിൽ നടപ്പിലാക്കാൻ കെൽട്രോൺ നിർദ്ദേശിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | 07.08.2019 ൽ ബഹു. ഗതാഗത മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായുള്ള സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കെൽട്രോണിനെ ചുമതലപ്പെടുത്തിയതു പ്രകാരം സർക്കാരിന് മുൻകൂറായി യാതൊരു ചെലവും ഉണ്ടാകാത്ത രീതിയിലുള്ള ഒരു പ്രൊപ്പോസൽ കെൽട്രോൺ സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം കെൽട്രോൺ സമർപ്പിച്ച പ്രോപ്പോസലിന്റെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.<br><br>• പദ്ധതിയ്ക്ക് ചെലവ് വരുന്ന തുക സർക്കാർ മുൻകൂറായി മുടക്കേണ്ടതില്ല<br>• പദ്ധതി നിർവ്വഹണത്തിനുശേഷം അഞ്ചു വർഷം കൊണ്ട് 20 തുല്യ ഗഡുക്കളായി മാത്രം തുക നൽകിയാൽ മതി.<br>• അഞ്ചു വർഷത്തിനു ശേഷം ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരുന്ന എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം ഉൾപ്പെടെയുള്ള എല്ലാ ഉപകരണങ്ങളും സർക്കാരിന്റെ സ്വന്തമായി മാറും.<br><br>ഈ സവിശേഷതകൾ പരിഗണിച്ചാണ് പദ്ധതി ആന്വിറ്റി മോഡലിൽ നടപ്പാക്കിയത്. |
| (ബി) | പ്രസ്തുത പദ്ധതി ആന്വിറ്റി മോഡലിൽ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി ആന്വിറ്റി മോഡലിൽ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• പദ്ധതിയ്ക്ക് ചെലവ് വരുന്ന തുക സർക്കാർ മുൻകൂറായി മുടക്കേണ്ടതില്ല |

| | | | |
|---|---|---|---|
| | | | • **പദ്ധതി നിർവ്വഹ-ണത്തിനുശേഷം അഞ്ച് വർഷം കൊണ്ട് 20 തുല്യ ഗഡുക്കളായി മാത്രം തുക നൽകിയാൽ മതി.**<br>• **അഞ്ച് വർഷത്തിനു ശേഷം ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരുന്ന എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം ഉൾപ്പെടെയുള്ള എല്ലാ ഉപകരണങ്ങളും സർക്കാരിന്റെ സ്വന്തമായി മാറും**<br>• **പദ്ധതിയ്ക്ക് ചെലവ് വരുന്ന തുകയ്ക്ക് പുറമേ ലഭിക്കുന്ന പിഴ തുക സർക്കാരിന് ലഭിക്കുന്നതാണ്.** |
| (സി) | എ. ഐ. ക്യാമറകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ബി.ഒ.ഒ.ടി. മോഡലിൽ നിന്നും ആന്വിറ്റി മോഡലിലേക്ക് മാറ്റാൻ ഉള്ള കാരണം വിശദമാക്കാമോ? | (സി) | **എ. ഐ. ക്യാമറകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ബി.ഒ.ഒ.ടി. മോഡലിൽ നിന്നും ആന്വിറ്റി മോഡലിലേക്ക് മാറിയിട്ടില്ല.** |

സെക്ഷൻ ഓഫീസർ